(ഇക കോടിയിൽ)	വകയിരുത്തിയത്	ചെലവഴിച്ചത്
പട്ടികജാതി	1004.45	215.91
പട്ടികവർഗ്ഗം	473.29	77.91

മെഡിക്കൽ സെസ് ഇനത്തിലെ ഇക

179 (519) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ രോഗികൾക്ക് സൗജന്യ മരുന്ന് വിതരണത്തിനായി ഏർപ്പെടുത്തിയ മദ്യ സെസ്സ് ഇനത്തിൽ നാളിതുവരെ ലഭിച്ച മൊത്തം ഇക എത്ര ;

(ബി) ബിവറേജസ് കോർപ്പറേഷൻ മെഡിക്കൽ സെസ് ഇനത്തിൽ പിരിച്ചെടുത്ത് സർക്കാർ ഖജനാവിലേക്ക് ഒടുക്കിയ ഇകയിൽനിന്നും നാളിതുവരെ പ്രസ്തുത ആവശ്യത്തിലേക്ക് ചെലവഴിച്ച ഇക എത്രയെന്നറിയിക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ സെസ്സ് ഇനത്തിൽ നാളിതുവരെ 98.25 കോടി രൂപ ശേഖരിച്ചിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 30 കോടി രൂപ മെഡിക്കൽ സെസ്സ് ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

സ്റ്റാമ്പ് ഡ്യൂട്ടി

180 (520) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 2011-12-ലെ ബഡ്ജറ്റിലൂടെ ദാനാധാരങ്ങൾ, ധനനിശ്ചയാധാരങ്ങൾ, ഭാഗഉടമ്പടികൾ എന്നിവയിന്മേൽ ഉണ്ടായിരുന്ന സ്റ്റാമ്പ് ആയിരം രൂപയായി കുറവ് ചെയ്യാനുണ്ടായ സാഹചര്യം എന്തായിരുന്നു ;

(ബി) ഇതിന് വിരുദ്ധമായി 2014-ലെ 24-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സ്റ്റാമ്പ്ഡ്യൂട്ടി പുനഃസ്ഥാപിച്ചതിന്റെ കാരണം വെളിപ്പെടുത്താമോ ;

(സി) സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതും പിന്നീട് പുനഃസ്ഥാപിച്ചതും എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ ; ഓർഡിനൻസ് വഴി ഇപ്പോൾ പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്ര കോടിയാണ് ;

(ഡി) 2011-ൽ സ്റ്റാമ്പ് ഡ്യൂട്ടികുറച്ചത് വഴി നാളിതുവരെ എത്ര കോടി രൂപ വരുമാനത്തിൽ കുറവ് വരുകയുണ്ടായി ?

ഉത്തരം

(എ) 2011-12 ലെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ ബഹു. ധനകാര്യ വകുപ്പു മന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ, കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾ മേലുള്ള ആധാരച്ചെലവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് വരുത്തിയത്.

(ബി) കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്ക് പ്രത്യേക ഇളവുകൾ നൽകിയതിനു ശേഷം റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായതായി കണക്കാക്കിയിരുന്നു. സർക്കാരിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത ഓർഡിനൻസ് പുറപ്പെടുവിച്ചത്.

(സി) മുകപ്പുതലത്തിൽ റവന്യൂ കളക്ഷൻ സംബന്ധിച്ച താരതമ്യ പഠനം നടത്തിയശേഷമാണ് സ്റ്റാമ്പ്ഡ്യൂട്ടി പുനഃസ്ഥാപിച്ചത്. ഓർഡിനൻസ് മുഖേന 232 കോടി രൂപ വാർഷിക അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(ഡി) 2011-ൽ മുദ്രവില കുറവുവരുത്തിയ ദാനാധാരങ്ങൾ, ധനനിശ്ചയ ആധാരങ്ങൾ, ഭാഗഉടമ്പടികൾ, ഒഴിമുറി എന്നീ ഇനങ്ങളിൽ വരുമാനത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കുറവ് സംബന്ധിച്ച കണക്ക് പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല വിവിധ കാരണങ്ങളാൽ 2011 മുതൽ 2014 വരെയുള്ള ഓരോ സാമ്പത്തിക വർഷവും വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	വരുമാനം (കോടി രൂപയിൽ)	മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ചുള്ള വ്യത്യാസം
2011-12	2773.06	443.84 കോടി രൂപ കൂടുതൽ
2012-13	2747.58	25.48 കോടി രൂപ കുറവ്
2013-14	2353.49	394.09 കോടി രൂപ കുറവ്

കടമെടുപ്പ് പരിധിയും പൊതുവിപണിയിൽ നിന്നുള്ള വായ്പയും.

181 (521) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തിക വർഷം കേരളത്തിന്റെ കടമെടുപ്പ് പരിധി എത്രയായിരുന്നു ;

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ പൊതുവിപണിയിൽനിന്നും എത്ര തുക വായ്പയെടുത്തു ;

(സി) 2012-13 സാമ്പത്തിക വർഷത്തിലെ കടമെടുപ്പ് പരിധി എത്രയായിരുന്നു ;

(ഡി) 2012-13 സാമ്പത്തിക വർഷത്തിൽ പൊതുവിപണിയിൽനിന്നും എത്ര തുക വായ്പയെടുത്തു ;

(ഇ) 2013-14 സാമ്പത്തിക വർഷത്തിലെ കടമെടുപ്പ് പരിധി എത്രയായിരുന്നു ;

(എഫ്) 2013-14-ൽ പൊതുവിപണിയിൽനിന്നും എത്ര തുക വായ്പയെടുത്തു ;

(ജി) 2014-15-ൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകിയ കടമെടുപ്പുപരിധി എത്ര തുകയുള്ളതാണ്, നടപ്പുസാമ്പത്തിക വർഷം നാളിതുവരെ എത്ര തുക പൊതുവിപണിയിൽനിന്നും വായ്പയെടുത്തു, എത്ര തവണകളായിട്ടാണ് വായ്പയെടുത്തത്

LIBRARY ARCHIVES Kerala Legislative Assembly